2009, ഖുത്വ്ബ നമ്പര്‍- 04

23.01.2009

ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# أَلَيْسَ اللَّهُ بِكَافٍ عَبْدَهُ

**فَمَنْ أَظْلَمُ مِمَّن كَذَبَ عَلَى اللَّهِ وَكَذَّبَ بِالصِّدْقِ إِذْ جَاءهُ أَلَيْسَ فِي جَهَنَّمَ مَثْوًى لِّلْكَافِرِينَ Oوَالَّذِي جَاء بِالصِّدْقِ وَصَدَّقَ بِهِ أُوْلَئِكَ هُمُ الْمُتَّقُونَOلَهُم مَّا يَشَاءونَ عِندَ رَبِّهِمْ ذَلِكَ جَزَاء الْمُحْسِنِينَOلِيُكَفِّرَ اللَّهُ عَنْهُمْ أَسْوَأَ الَّذِي عَمِلُوا وَيَجْزِيَهُمْ أَجْرَهُم بِأَحْسَنِ الَّذِي كَانُوا يَعْمَلُونَOأَلَيْسَ اللَّهُ بِكَافٍ عَبْدَهُ وَيُخَوِّفُونَكَ بِالَّذِينَ مِن دُونِهِ وَمَن يُضْلِلِ اللَّهُ فَمَا لَهُ مِنْ هَادٍوَمَن يَهْدِ اللَّهُ فَمَا لَهُ مِن مُّضِلٍّ أَلَيْسَ اللَّهُ بِعَزِيزٍ ذِي انتِقَامٍO**

സൂറത്തുസ്സുമറിലെ 33 മുതല്‍ 38 വരെയുള്ള ആയത്തുകളാണ് ഞാനിപ്പോള്‍ പാരായണം ചെയ്തിരി ക്കുന്നത്. അതിന്റെ അര്‍ത്ഥം ഇപ്രകാരമാണ്.

'എന്നാല്‍ അല്ലാഹുവിന്റെ പേരില്‍ കളവ് പറയുകയും (അപ്ര കാരം തന്നെ) തന്റെയടുക്കല്‍ സത്യം വന്നപ്പോള്‍ അതിനെ നിഷേ ധിക്കുകയും ചെയ്യുന്നവനേക്കാള്‍ അക്രമി ആരാണ്. സത്യനിഷേ ധികള്‍ക്കുള്ള വാസ സ്ഥലം നരകത്തിലല്ലേ?

സത്യം കൊണ്ടുവന്നവനും അതിനെ സത്യപ്പെടുത്തുന്നവനും ആരോ അവരത്രെ സൂക്ഷ്മത പാലിക്കുന്നവര്‍.

അവര്‍ക്ക് അവര്‍ ഇച്ഛിക്കുന്നതെല്ലാം അവരുടെ നാഥന്റെയടുക്ക ലുണ്ട്. സല്‍ക്കര്‍മ്മകാരികളുടെ പ്രതിഫലമാണത്.

അവര്‍ പ്രവര്‍ത്തിച്ച തിന്മകളുടെ ദോഷഫലങ്ങള്‍ അല്ലാഹു അവ രില്‍ നിന്ന് മായിച്ചുകളയുകയും അവര്‍ പ്രവര്‍ത്തിച്ച ഏറ്റവും നല്ല കാര്യങ്ങള്‍ക്കനുസരിച്ച് അവന്‍ അവര്‍ക്ക് പ്രതിഫലം നല്‍കു കയും ചെയ്യുന്നതിനുവേണ്ടി.

അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? അവന് പുറമെ യുള്ളവരെക്കൊണ്ട് അവര്‍ നിന്നെ ഭയപ്പെടുത്തുന്നു. അല്ലാഹു ആരെ സംബന്ധിച്ച് വഴിപിഴച്ചവനാണെന്ന് വിധിക്കുന്നുവോ അവന് വഴികാട്ടിയായി ആരും ഉണ്ടാവുകയില്ല. അല്ലാഹു ആരെ നേര്‍വഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കുവാന്‍ ആരും ഉണ്ടാവുകയില്ല. അല്ലാഹു പ്രതാപശാലിയും ശിക്ഷാനടപടികളുടെ കര്‍ത്താവുമല്ലേ?' (39: 33-38)

ഈ ആയത്തുകളില്‍ രണ്ടുവിഭാഗം ആളുകളെ കുറിച്ചാണ് പറയുന്നത്. അവര്‍ രണ്ടും അക്രമികളാണ്. തങ്ങളുടെ നഫ്സി നോട് തന്നെ അക്രമം പ്രവര്‍ത്തിക്കുന്നവരാണവര്‍. ഒരുകൂട്ടര്‍ അല്ലാഹുവിന്റെ പേരില്‍ കളവ് പറയുന്നവരാണ്. അവര്‍ കറ്റു കെട്ടിപ്പറഞ്ഞ് തങ്ങള്‍ അല്ലാഹുവില്‍നിന്നുള്ളവരാണെന്ന് പറഞ്ഞ് നടക്കും. യഥാര്‍ത്ഥത്തില്‍ അവര്‍ അല്ലാഹുവില്‍ നിന്നുള്ളവരായി രിക്കില്ല. മറ്റൊരുകൂട്ടര്‍ അല്ലാഹു സന്ദേശവും നല്‍കി ജനങ്ങളി ലേക്ക് അയക്കുന്ന പ്രവാചകനെ നിഷേധിക്കുന്നവരാണ്. അവര്‍ പ്രവാചകന്മാരോട് പറയാറുള്ളത്, നിങ്ങള്‍ കള്ളവാദികളാണെന്നും നിങ്ങള്‍ ദൈവത്തില്‍നിന്ന് ഉള്ളവരല്ലെന്നുമാണ്. ഈ വിഷയത്തെ വിശുദ്ധഖുര്‍ആന്‍ മറ്റുസ്ഥലങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. സൂറ അന്‍കബൂത്ത് 69-ാം വച നത്തില്‍ അല്ലാഹു പറയുന്നു; **وَمَنْ أَظْلَمُ مِمَّنِ افْتَرَى عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِالْحَقِّ لَمَّا جَاءهُ أَلَيْسَ فِي جَهَنَّمَ مَثْوًى لِّلْكَافِرِينَ** (29:69) 'അല്ലാഹുവിന്റെ പേരില്‍ കള്ളം കെട്ടിച്ചമക്കു കയോ അല്ലെങ്കില്‍ തനിക്ക് സത്യം വന്നു കിട്ടിയപ്പോള്‍ അതിനെ നിരാകരിക്കുകയോ ചെയ്യുന്നവനേക്കാള്‍ അക്രമി ആരാണ്? '(29:69)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു;

*കറ്റുകെട്ടിനും ഒരതിരുണ്ടാകും. കറ്റുകെട്ടുകാരന്‍ അവ സാനം പരാജയപ്പെടുക തന്നെ ചെയ്യുന്നതാണ്.* **قَدْ خَابَ مَنْ افْتَرَى** കറ്റു കെട്ടിപ്പറഞ്ഞവന്‍ പരാജയപ്പെട്ടു. തിരുനബി (സ)യോട് അല്ലാഹു പറഞ്ഞു, നീ കറ്റുകെട്ടിപ്പറയുകയാണെങ്കില്‍ നിന്റെ ജീവനാഡി നാം അറുക്കുന്നതാ ണ്. അതേപോലെ അല്ലാഹു പറയുന്നു, **مَنْ أَظْلَمُ مِمَّنِ افْتَرَى عَلَى اللَّهِ كَذِبًا** ഇങ്ങിനെയുള്ള കാര്യങ്ങളിലെല്ലാം വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് കറ്റുകെട്ടിപ്പറയാന്‍ എങ്ങനെ ധൈര്യം വരാനാണ്.

ഇവിടെ അല്ലാഹു പറയുന്നത് കറ്റുകെട്ടിപ്പറയുന്നവരുടെ ജീവനാഡി നാം അറുത്തുകളയും എന്നാണ്. അവനെ നിന്ദ്യനും നികൃഷ്ടനുമാക്കിമാറ്റും എന്നുമാണ്. ഇങ്ങിനെയുള്ള കാര്യങ്ങ ളില്‍ അടിയുറച്ചുവിശ്വാസമുള്ള ഒരു വ്യക്തിക്ക് ഒരിക്കലും അല്ലാഹുവിന്റെ പേരില്‍ കറ്റുകെട്ടിപ്പറയാന്‍ ഒരിക്കലും ധൈര്യം ഉണ്ടാകില്ല. 'ഗവണ്‍മെന്റിന്റെ പേരും പറഞ്ഞ് ഒരാള്‍ വ്യാജ ഉദ്യോ ഗസ്ഥനായി വേഷം കെട്ടിയാല്‍ അയാള്‍ക്ക് ഗവണ്‍മെന്റ് ശിക്ഷ നല്‍കുന്നു. അവന്‍ ജയിലില്‍ അയക്കപ്പെടുന്നു. ഇതാണ് ഭൗതികഗവണ്‍മെന്റുകളുടെ നിലയെങ്കില്‍ പിന്നെ സര്‍വ്വശക്തിമാ നായ അല്ലാഹുവിന്റെ ഭരണത്തിലാണോ കറ്റുകെട്ടിപ്പറയുന്നവനെ പിടികൂടാന്‍ പ്രയാസം. ഇവിടെ കള്ളന്മാരെ പിടികൂടാതെ അവ ര്‍ക്ക് പ്രോത്സാഹനം നല്‍കുകയാണെങ്കില്‍ നിരീശ്വരത്തമായിരി ക്കും വ്യാപിക്കുക. അല്ലാഹുവിന്റെ എല്ലാ ഗ്രന്ഥങ്ങളിലും തന്നെ രേഖപ്പെടുത്തിയിട്ടുള്ളത് കറ്റുകെട്ടുകാരന്‍ നശിപ്പിക്കപ്പെടും എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എതിരാളികളുടെ വാദങ്ങ ളെയാണ് ഇവിടെ ഖണ്ഡിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു വ്യക്തി ഗവണ്‍മെന്റിന്റെ ഏതെങ്കിലും ഒരു ഓഫീസറുടെ പ്രതി നിധിയാണെന്നും പറഞ്ഞ് വ്യാജനായി രംഗത്തെത്തിയാല്‍ പിന്നീട് അയാള്‍ പിടിക്കപ്പെട്ടുകഴിഞ്ഞാല്‍ ശിക്ഷക്ക് പാത്രമായിത്തീ രുന്നു. എന്നാല്‍ ഒരാള്‍ അല്ലാഹു അയക്കാതെ അല്ലാഹു തന്നെ അയച്ചിട്ടുണ്ടെന്ന് കള്ളം പ്രചരിപ്പിക്കുകയാണെങ്കില്‍ അയാളെ പിടിച്ച് ശിക്ഷിക്കുവാനുള്ള കഴിവ് അല്ലാഹുവിനില്ലേ? തീര്‍ച്ചയാ യും അങ്ങിനെയുള്ളവരെ അല്ലാഹു പിടിക്കുന്നു. അല്ലാഹു ഇവിടെ പറയുന്നത് അല്ലാഹുവിന്റെ പേരില്‍ കളവ് പറഞ്ഞു പര ത്തുന്നവര്‍ അക്രമികളാണെന്നാണ്. പ്രവാചകന്മാര്‍ അല്ലാഹു പറ യാത്ത കാര്യങ്ങള്‍ അല്ലാഹുവിന്റെ പേരില്‍ പറയുകയാണെ ങ്കില്‍ തീര്‍ച്ചയായും അല്ലാഹു അവരെ പിടികൂടുന്നതാണ്. ഈ ഒരു കാര്യം വിശുദ്ധഖുര്‍ആനില്‍ വിവിധ സ്ഥലങ്ങളില്‍ വിവരി

ച്ചിട്ടുള്ളതിൽ നിന്നും മനസ്സിലാകുന്നത് ഇത് അടിസ്ഥാന കാര്യമാണെന്നാണ്.

അല്ലാഹുവിന്റെ പേരിൽ ആര് തന്നെ കളവ് പറഞ്ഞാലും അല്ലാഹു അവരെ പിടികൂടുന്നതാണ്. ഇതേ പോലെ തന്നെ അല്ലാഹു അയച്ച സന്ദേശത്തെ നിഷേധിക്കുകയും അല്ലാഹു അയച്ച പ്രവാചകനെ നിരാകരിക്കുകയും ചെയ്യുകയാണെങ്കിൽ അവരും അല്ലാഹു വിന്റെ പിടിത്തത്തിൽ വരുന്നതാണ്.

ചുരുക്കത്തിൽ രണ്ട് വിഭാഗങ്ങളെ കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു. ഒന്ന് അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടിപ്പറയുന്നവരും മറ്റൊന്ന് അല്ലാഹുവിന്റെ പ്രവാചകന്മാരെ നിഷേധിക്കുന്നവരും. ഇരുകൂട്ടരും ദൈവ ത്തിന്റെ പിടിയിൽ വരുന്നതാണ്. ഇവർ രണ്ടുകൂട്ടരും തങ്ങളോട് തന്നെ അതിക്രമം പ്രവർത്തിക്കുന്നവരാണ്. പ്രവാചകന്മാരെ നിഷേധിക്കുന്നവർ പറയാറുള്ളത് ഇദ്ദേഹം സ്വന്തമായി ചില വചനങ്ങൾ ഉണ്ടാക്കി പ്പറയുകയാണ്, ഇവർക്ക് ഒരിക്കലും നുബുവ്വത്തിന്റെ പദവിയൊന്നും നൽകി അയച്ചിട്ടില്ല എന്നാണ്. ഇവിടെ അല്ലാഹു പറയുന്നത്, ആരാണോ പച്ചക്കള്ളം പറഞ്ഞുപരത്തുന്നത് അവരെ നാം പിടികൂടുന്നതാണെന്നാണ്. പ്രവാചകന് വേണ്ടി വെളിപ്പെട്ടു കൊണ്ടിരി ക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും അവർ സത്യവാന്മാരാണെന്നതിനുള്ള തെളിവുകളാണ്.

നുബുവ്വത്ത് വ്യക്തമായ തെളിവുകൾ മുഖേനയാണ് പ്രത്യക്ഷപ്പെടാറുള്ളത്. ഖിലാഫത്തിന്റെ കൂടെ അല്ലാഹുവിന്റെ സഹായഹസ്തം എപ്പോഴും ഉണ്ടാ യിരിക്കും. ഓരോ ദിവസവും പ്രഭാവ പൂരിതമായ ഈ അടയാളങ്ങൾ അവൻ കാണിച്ചുകൊണ്ടിരിക്കുന്നതാണ്. പ്രവാചകനിഷേധികൾക്ക് ചിന്തിക്കാനുതകുന്ന കാര്യങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. അവർ ഇക്കാര്യത്തിൽ പ്രത്യേകം ചിന്തിക്കട്ടെ. ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ തിരുനബി(സ)ക്കു മുമ്പുള്ള പ്രവാ ചകന്മാർക്ക് കേൾക്കേണ്ടി വന്നിട്ടുണ്ട്. അതേപോലെ തിരുനബി(സ)യുടെ പരിശുദ്ധവ്യക്തിത്വത്തിനെ കുറിച്ചും ഇതേ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി. ഇതേരീതിയിലുള്ള ആക്ഷേപങ്ങൾ തന്നെയാണ് ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ചും എതിരാളികൾ ഉന്നയിച്ചു കൊണ്ടിരിക്കുന്നത്.

സൂറത്തുൽ സുമറിലെ ആദ്യ ആയത്തുകളിൽ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ സമ്പൂർണ്ണമാണെന്ന് പറഞ്ഞുകൊണ്ട് ഈ സമ്പൂർണ്ണ അദ്ധ്യാപന ങ്ങൾ ഉണ്ടായിരിക്കെ ഇനി ഒരുവിധ ആക്ഷേപങ്ങൾക്കും പഴുതില്ലെന്ന് പറയുകയുണ്ടായി. വിശുദ്ധ ഖുർആൻ സ്വയം ഒരു അടയാളമാണ്. അതിന്റെ ഓരോ ആയത്തും ഓരോ പദവും തന്നെ അടയാളങ്ങളാണ്. ഇത് സ്വീകരിക്കാൻ കുഫ്ഫാരീങ്ങളെ അല്ലാഹു ക്ഷണിക്കുകയും ചെയ്തു. ഇതെല്ലാമായിരുന്നിട്ടുകൂടി അവർ ഇതിനെ നിഷേധിക്കുകയാണ് ചെയ്തത്. അവസാനം അല്ലാഹു അവരെ ശിക്ഷിക്കുകയും ചെയ്തു. അതിനു ശേഷമാണ് തിരുനബി(സ)യെ അവർ സ്വീകരിച്ചത്.

അല്ലാഹു പറയുന്നു, നിങ്ങൾ ഞാൻ അയച്ചവരെ നിഷേധിക്കുകയാണെങ്കിൽ ഈ ലോകത്തോ അതല്ല പരലോകത്തോ എന്റെ പിടിത്തത്തിൽ വരികതന്നെ ചെയ്യുന്നതാണ്. അതുകൊണ്ട് പിടിവാശി ഉപേക്ഷിക്കുന്നതാണ് ബുദ്ധി എന്ന് മനസ്സിലാക്കുക.

അടുത്ത ആയത്തിൽ പറയുന്നു, തഖ്വയുടെ ലക്ഷണം സത്യവുമായി വന്നവരെ സ്വീകരിക്കുക എന്നതാണ്. ഇത് നിങ്ങൾക്ക് വിജയം നൽകുമെന്ന് മാത്ര മല്ല തഖ്വയിൽ മുന്നേറാൻ നിങ്ങളെ സഹായിക്കുകയും ചെയ്യുന്നതാണ്. പ്രവാചകൻ സത്യവാനാണെന്നതിനുള്ള ഒരു തെളിവ് അല്ലാഹു അവർക്ക് വിജയങ്ങൾ നൽകിക്കൊണ്ടേ ഇരിക്കുന്നു എന്നതാണ്. സൂറ യൂനുസിൽ അല്ലാഹു പറയുന്നു; **فَمَنْ أَظْلَمُ مِمَّنِ افْتَرَى عَلَى اللهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ إِنَّهُ لاَ يُفْلِحُ الْمُجْرِمُونَ** (10:18) 'അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ അതല്ലെങ്കിൽ അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയോ ചെയ്യുന്നവനേക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും കുറ്റവാളികൾ വിജയിക്കുകയില്ല.'

കുറ്റവാളികൾ ആരായാലും വിജയിക്കില്ല. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചുകൊണ്ട് താൻ അല്ലാഹുവിൽ നിന്നാണെന്ന് കള്ളവാദം പുറപ്പെടുവിക്കുന്ന കുറ്റവാളിയും സത്യപ്രവാചകനെ നിഷേധിക്കു ന്ന കുറ്റവാളിയും വിജയിക്കുന്നതല്ല. ഇവർ രണ്ടുകൂട്ടരും ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതല്ല. ഇക്കാര്യം ബുദ്ധിയുള്ള ഏവർക്കും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടാണ് ഫിർഔന്റെ കൂട്ടത്തിലുള്ള ഒരാൾ ഇപ്രകാരം പറഞ്ഞത്, **إِن يَكُ كَاذِبًا فَعَلَيْهِ كَذِبُهُ وَإِن يَكُ صَادِقًا يُصِبْكُم بَعْضُ الَّذِي يَعِدُكُمْ** മൂസാ(അ)നെ കുറിച്ച് അദ്ദേഹം പറഞ്ഞത് 'അദ്ദേഹം കളവാണ് പറയുന്നതെങ്കിൽ അതിന്റെ ശിക്ഷ അദ്ദേഹം അനുഭവിച്ചുകൊള്ളും ഇനി അദ്ദേഹം സത്യവാനാണെങ്കിലോ അദ്ദേഹം നിങ്ങളെ സംബന്ധിച്ചു പ്രവചിച്ച ശിക്ഷയുടെ ചില കാര്യങ്ങൾ നിങ്ങളിൽ പുലർന്നേക്കാം. തിരുനബി(സ)യുടെ പ്രവചനപ്രകാരം ആഗതരായ വാഗ്ദത്ത മസീഹിനെ സ്വീകരിക്കാത്ത മുസ്ലീംകളും പ്രത്യേകം ചിന്തിക്കേണ്ട ഒരവസരമാണിത്. അല്ലാഹു സംരക്ഷണം വാഗ്ദാനം ചെയ്ത സമ്പൂർണ്ണവും സുരക്ഷിതവുമായ ഒരു പാവനഗ്രന്ഥം ഇന്ന് മുസ്ലിംകളുടെ കൈകളിലുണ്ട്. ഈ ഗ്രന്ഥത്തിൽ വല്ല മാറ്റത്തിരുത്തലുകളും വന്നിട്ടുണ്ടെന്ന് സ്ഥാപിക്കാനായി മറ്റുള്ളവർ പരിശ്രമിച്ചുനോക്കിയെങ്കിലും അവർക്കതിൽ വിജയിക്കാൻ സാധിച്ചില്ല. 1400 വർഷമായി അത് സുരക്ഷിതമായിത്തന്നെ ഇരിക്കുന്നു. വിശുദ്ധഖുർആനിൽ എല്ലാ കാര്യങ്ങളും അല്ലാഹു ഉൾപ്പെടുത്തിക്കൊണ്ട് മുസ്ലിംകളോട് പറയുന്നത്, ഇത് കഥയൊന്നുമല്ലെന്ന് മനസ്സിലാക്കുക, നിങ്ങൾ മുമ്പുള്ള ജനതയെപ്പോലെ ആയിത്തീരരുത്,എന്നാണ്. **لاَ يُفْلِحُ الْمُجْرِمُونَ** കുറ്റവാളികൾ ഒരിക്കലും വിജയിക്കില്ലെന്ന് പറഞ്ഞുകൊണ്ട് അല്ലാഹു പറയുന്നത് കള്ളവാദികളും ഉണ്ടായേക്കാം, എന്നാൽ അവർ ഒരിക്കലും വിജയിക്കില്ല, അന്തിമ വിജയം അവർക്കുണ്ടാകില്ല എന്നാണ്. അല്ലാഹുവിൽനിന്ന് വരുന്നവർ ലോകത്ത് തങ്ങളുടെ സന്ദേശം പ്രചരിപ്പിക്കുന്നതുപോലെ കള്ളവാദികൾക്ക് പ്രചരിപ്പിക്കാൻ സാധ്യമല്ല. ഒരു പക്ഷേ അവർക്ക് ഒരു ചെറിയ ജമാഅത്തിന് രൂപം നൽകാൻ സാധിച്ചേക്കാം. അതോടൊപ്പം പണവും അവർക്ക് സ്വരുക്കൂട്ടാൻ കഴിഞ്ഞേക്കാം. എന്നാൽ അല്ലാഹുവിൽ നിന്നും വരുന്നവർ ഒരു ആത്മീയ പദ്ധതിയുമായിട്ടാണ് വരുന്നത്. പ്രവാചകന്മാരിൽ ചിലർ ശരീഅത്തുമായി വന്നു. ഇതുമുഖേന ലോകത്ത് ഒരാത്മീയ വിപ്ലവം തന്നെ അവർ ഉണ്ടാക്കി. സൃഷ്ടികളെ സ്രഷ്ടാവുമായി അവർ അടുപ്പിക്കുകയുണ്ടായി. ചില പ്രവാചകന്മാർ മുമ്പുള്ള പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനായും വരികയുണ്ടായി. അവർ മുൻ പ്രവാചകൻ കൊണ്ടുവന്ന അദ്ധ്യാപനങ്ങളിലേക്ക് ജനങ്ങളെ വീണ്ടും തിരിച്ചു കൊണ്ടുവരികയും അങ്ങിനെ അവരെ ദൈവത്തിന്റെ സമീപത്തേക്ക് എത്തിക്കുകയുമുണ്ടായി. അതിനാൽ ദൈവത്തിൽനിന്നും വരുന്നവനാണെന്ന് വാദിക്കുന്ന വ്യക്തിക്ക് ഈ രണ്ട് ലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. അല്ലെങ്കിൽ അയാൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനാണെന്ന് മനസ്സിലാക്കുക. അവർ ജനങ്ങളിൽ ആത്മീയവിപ്ലവം ഉണ്ടാക്കുന്നില്ലെങ്കിൽ, അവർ ലോകരെ അല്ലാഹുവിന്റെ സാമീപ്യത്തിലേക്ക് കൊണ്ടുപോകുന്നില്ലെങ്കിൽ അവർ കള്ളവാദികളാണെന്ന് മനസ്സിലാക്കുക.

ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കുറിച്ച് **نَعُوْذُ بِاللهِ** അദ്ദേഹം കള്ളം കെട്ടിച്ചമച്ചവനാണെന്ന് ആക്ഷേപിക്കുന്നവർ നോക്കേണ്ടത് ആ മഹാത്മാവ് ശരീഅത്തിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടോ, അതിൽ വല്ല പുതിയ അദ്ധ്യാപനവും കൂട്ടിച്ചേർത്തിട്ടുണ്ടോ എന്നാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം ജീവിതത്തിൽ പകർത്താനാണ് ആ മഹാത്മാവ് പറഞ്ഞിട്ടുള്ളത്.

അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിച്ചാൽ എല്ലായിടത്തും അതാണ് നമുക്ക് ദർശിക്കാൻ സാധിക്കുക. അദ്ദേഹം നമസ്കാരത്തിൽ വല്ല കുറവും വരുത്തിയിട്ടുണ്ടോ? അതുമല്ലെങ്കിൽ ഇസ്‌ലാം കാര്യങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ? ശരിയായ നിലയിൽ നമ്മിൽ എത്തിയിട്ടുള്ള നബി തിരുമേനി(സ)യുടെ ഏതെങ്കിലും സുന്നത്തിൽ അദ്ദേഹം മാറ്റം വരുത്തിയിട്ടുണ്ടോ? മറിച്ച് ഇതെല്ലാം സൗന്ദര്യവത്തായ രീതിയിൽ നമ്മുടെ മുമ്പിൽ അദ്ദേഹം പ്രദർശിപ്പിക്കുകയല്ലേ ചെയ്തത്. നാം ഒരു പരിശോധന നടത്തുകയാണെങ്കിൽ ആ മഹാത്മാവ് ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ വളരെ സൗന്ദര്യവത്തായ രീതിയിൽ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണെന്ന് മനസ്സിലാകുന്നതാണ്.

ലോകം മറന്നുപോയ വിശുദ്ധഖുർആന്റെ ശരീഅത്തിനെ പുനരുജ്ജീവിപ്പിക്കാനാണ് ആ മഹാത്മാവ് ലോകത്ത് അവതരിച്ചത്. തിരുനബി(സ)യുടെ പ്രവചനപ്രകാരമാണ് അദ്ദേഹം ആഗതനായത്. അതേപോലെ അദ്ദേഹത്തിന്റെ ജമാഅത്ത് വളർന്നുകൊണ്ടിരിക്കുന്നുണ്ടോ അതോ അതിന്റെ വളർച്ച മുരടിച്ചുപോയോ എന്നും നോക്കുക. ഇത് ചെറുതാകുകയാണോ അതോ ഒരു പ്രാവശ്യം വളർന്ന് പിന്നീട് അതിന്റെ വളർച്ച മുരടിച്ചു പോയോ? കുടുംബത്തിലെ ചില വ്യക്തികൾ മാത്രമല്ല കുടുംബങ്ങൾ ഒന്നായി ത്തന്നെ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അതേപോലെ ചില നാടുകളിൽ കൂട്ടം കൂട്ടമായി ജനങ്ങൾ ഇതിൽ വന്നുകൊണ്ടിരിക്കുകയാണ്.

എന്നാൽ ഇതിനെ എതിർക്കുന്ന മുസ്‌ലിംകളിൽ ഒരു വിഭാഗം വിശുദ്ധഖുർആനിൽ ദുർബലപ്പെട്ട ആയത്തുകൾ എത്രയാണെന്നും ദുർബലപ്പെടുത്തുന്ന ആയത്തുകൾ എത്രയാണെന്നുമുള്ള ചർച്ചയിൽ മുഴുകിക്കൊണ്ടിരിക്കുകയാണെന്ന് നമുക്കറിയാം. അവർ കക്ഷിപ്രതികക്ഷികളായി പിരിഞ്ഞിരിക്കുകയാണ്. ശാഖാപരമായ അല്ലറച്ചില്ലറ കാര്യങ്ങളിൽ മുഴുകി സുപ്രധാനമായ പലകൽപ്പനകളിൽനിന്നും അവർ അകന്നു ജീവിക്കുന്നു. ഇസ്‌ലാമിന് വിദൂര ബന്ധം പോലുമില്ലാത്ത പുതിയ പുതിയ ആചാരാനുഷ്ഠാനങ്ങൾ അവർ ഉണ്ടാക്കിയിരിക്കുന്നു. പാക്കിസ്ഥാനിലും ഇന്ത്യയിലുമുള്ള ചില സ്ഥലങ്ങളിൽ പോയാൽ ഖബറുകളെ പൂജിക്കുന്നതും ഒരിക്കലും നമസ്കരിക്കാത്ത പീർഫക്കീർമാരുടെ അടുത്ത് പോയി തങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിന്നായി അവരോട് അപേക്ഷിക്കുന്നതും ഖബറുകളിലുള്ളവരോട് തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുന്നതും എല്ലാം നമുക്ക് കാണാൻ സാധിക്കും. ഇതെല്ലാം തിരുനബി(സ)യുടെ കാലത്തുണ്ടായിരുന്നോ? അതുമല്ലെങ്കിൽ ഇങ്ങിനെ ചെയ്യാൻ തിരുനബി(സ) കൽപ്പിച്ചിരുന്നോ? ഇവർ ഇസ്‌ലാമിൽ സ്വന്തമായി പല പുതിയ കൽപ്പനകളും ഉണ്ടാക്കിയിരിക്കുകയാണ്.

ഒരു കാലത്ത് ബഹാവുള്ള തന്റെ വാദവുമായി രംഗത്ത് വന്നു. എന്നാൽ അല്ലാഹുവിന്റെ സഹായ ങ്ങൾ അദ്ദേഹത്തോടൊപ്പം ഇല്ലാത്തതുകാരണം അദ്ദേഹം സത്യവാനല്ലെന്ന് തിരിച്ചറിയുന്നതാണ്. വ്യക്തമായ ഒരു അടയാളവും അദ്ദേഹം സമർപ്പിച്ചിട്ടില്ല. അവസാനം വരെ നിലനിൽക്കേണ്ട ശരീഅത്തിനെ മാറ്റി പുതിയൊരു ശരീഅത്ത് അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തെ അംഗീകരിക്കുന്നവർ കുറച്ചുണ്ടായി. എന്നാൽ അദ്ദേഹം സമർപ്പിച്ച ശരീഅത്ത് വിശുദ്ധ ഖുർആൻ ലോകത്ത് സ്വീകരിക്കപ്പെട്ടതുപോലെ ഒരിക്കലും സ്വീകരിക്കപ്പെട്ടില്ല. ബഹാവുള്ളയുടെ ശരീഅത്തിനെ അംഗീകരിക്കുന്നവരിൽ ഒറ്റയും തെറ്റയും അങ്ങിങ്ങായി കാണാനേ ഇപ്പോഴുള്ളൂ. എന്നാൽ വിശുദ്ധഖുർആനെ അപകീർത്തിപ്പെടുത്തുന്നതിന്നായി ലോകത്ത് ചിലർ പരിശ്രമിച്ചുനോക്കുന്നുണ്ടെങ്കിൽകൂടി അത് ഒരു പോറലുമേൽക്കാതെ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് മുഖേന തന്നെ ലക്ഷക്കണക്കിനുപേർ ഇതിന്റെ അധ്യാപനത്തിന്റെ കീഴിൽ വന്നുകൊണ്ട് ശ്വാശതമോക്ഷം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹു പറയുന്നത് കള്ളവാദികൾക്ക് വിജയിക്കാൻ കഴിയില്ലെന്നാണ്. അൽപ്പം ഭൗതികസമ്പത്ത് സമ്പാദിക്കുകയോ ചെറിയൊരു സംഘത്തെ ഉണ്ടാക്കുകയോ അല്ല വിജയത്തിന്റെ അളവുകോൽ. അല്ലാഹുവിന്റെ അധ്യാപനങ്ങൾ ലക്ഷക്കണക്കിന് ജനങ്ങളിൽ വ്യാപിപ്പിക്കുകയും അത് വിജയിച്ചു കൊണ്ടേപോകുന്നതും തന്നെയാണ് യഥാർത്ഥവിജയം. അല്ലാഹുവിൽനിന്നും വരുന്ന പ്രവാചകന്മാർ പ്രത്യക്ഷ അടയാളങ്ങളുമായാണ് വരാറുള്ളത്. ഭൂമിയിൽ നിന്നും ആകാശത്തു നിന്നുമുള്ള സഹായങ്ങൾ അവരോടൊപ്പമായിരിക്കും ഉണ്ടാകുക. അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നവർ ഇക്കൂട്ടരായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതക്കുള്ള സാക്ഷ്യം കൂടിയാണിത്. ചിലർ അഹ്മദികളെ ബഹായികളുമായി കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കാറുണ്ട്. അവരും അൽപ്പം ചിന്തിക്കട്ടെ. സത്യത്തെ തിരിച്ചറിയാൻ ഏതൊരളവുകോലാണോ അല്ലാഹു നിശ്ചയിച്ചിട്ടുള്ളത് അതനുസരിച്ച് സത്യത്തെ അളക്കുക.

അല്ലാഹുവിന്റെ സഹായങ്ങളും അടയാളങ്ങളുമായി വരുന്നവരിൽ ഒരിക്കലും കളവ് ആരോപിക്കാൻ സാധ്യമല്ല. അവർ അല്ലാഹുവിൽനിന്നുള്ളവരാണ്. ഞാൻ ഓതിയ വിവിധ ആയത്തുകളിൽ ഇതാണ് പ്രതിപാദിക്കുന്നത്. അല്ലാഹു അയച്ചവരെ സ്വീകരിക്കാത്തവർ സത്യത്തെയാണ് നിഷേധിക്കുന്നത്. മറ്റൊരു വചനത്തിൽ പറയുന്നു, ഇവർ *ഹഖ്* , സത്യത്തെയാണ് നിഷേധിക്കുന്നത്. മൂന്നാമത്തെ ആയത്തിൽ പറഞ്ഞത് അവർ അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുന്നവരാണ് എന്നാണ്. അല്ലാഹുവിൽ നിന്നും വരുന്നവർ തങ്ങളുടെ സന്ദേശത്തിലും വാക്കിലും സത്യസന്ധരായിരിക്കും. അവർ കൊണ്ടുവരുന്ന സന്ദേശം സത്യമായിരിക്കും. അത് അല്ലാഹുവിൽ നിന്നുള്ള യഥാർത്ഥ സന്ദേശമായിരിക്കും. അത് അല്ലാഹുവിന്റെ സന്ദേശമാണെന്ന് സ്വയം പറയുന്നുണ്ടാകും. ആ സന്ദേശങ്ങൾക്ക് പിന്നിൽ അല്ലാഹുവിന്റെ സഹായവും അടയാളങ്ങളുമുണ്ടായിരിക്കുന്നതാണ്.

ഞാൻ ഓതിക്കേൾപ്പിച്ച മൂന്നാമത്തെ ആയത്തിൽ അല്ലാഹു പറയുന്നു: അല്ലാഹു അയച്ചവരെ വിശ്വസിക്കുന്നവർ തഖ്‌വയിൽ പദമൂന്നുന്നവരാണ്. അവർ ആഗ്രഹിക്കുന്നതെല്ലാം അവരുടെ നാഥനിൽനിന്ന് അവർ കരസ്ഥമാക്കുന്നതാണ്. അവർക്ക് മനഃസംതൃപ്തി കരഗതമാകുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ശീലവും അവർക്ക് ഉണ്ടായിത്തീരും. നന്മ ചെയ്യാനുള്ള ആഗ്രഹം അവരിൽ ഉണ്ടായിരിക്കും. ഇവിടെ അവർ എന്തു തന്നെ ആഗ്രഹിച്ചാലും എന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അർത്ഥം അവർ എപ്പോഴും ഈ ലോകത്തുള്ള നശ്വരമായ വസ്തുക്കൾ ആഗ്രഹിക്കുമെന്നും അതവർക്ക് ലഭിച്ചുകൊണ്ടിരിക്കു മെന്നുമല്ല. മറിച്ച് ആദ്യമേ തന്നെ തഖ്‌വയെകുറിച്ച് പറഞ്ഞുകൊണ്ട് അവർ എപ്പോഴും ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ പ്രീതി മാത്രമായിരിക്കുമെന്നാണ് വിവക്ഷിക്കപ്പെടുന്നത്. അങ്ങിനെ അല്ലാഹു തന്റെ അനുഗ്രഹങ്ങൾ അവർക്ക് നൽകുകയും അവരുടെ ആഗ്രഹങ്ങൾ അല്ലാഹുവിന്റെ ആഗ്രഹങ്ങൾക്കനുഗുണമായിത്തീരുകയും ചെയ്യുന്നതാണ്. ഇവരെ കുറിച്ചാണ് അല്ലാഹു പറഞ്ഞത്, **نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ** *നാം ഈ ലോകത്തും നിങ്ങളുടെ കൂട്ടുകാരായിരിക്കും പരലോകത്തും നിങ്ങളുടെ കൂട്ടുകാരായിരിക്കും.* കാരണം സുകൃതവാന്മാർക്ക് അല്ലാഹു പ്രതിഫലം നൽകുന്നു. സ്ഥിരചിത്തതയോടു കൂടി സൽപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നവർക്കും തഖ്‌വയിൽ പദമൂന്നുന്നവർക്കും അല്ലാഹു ഇഹലോകത്തും പരലോകത്തും സ്വർഗം നൽകി അനുഗ്രഹിക്കുന്നതാണ്. ഇങ്ങിനെയുള്ളവർക്ക് അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടായിരിക്കും. അടുത്ത ആയത്തിൽ ഈ വിഷയം അൽപ്പം കൂടി വിശദമാക്കിക്കൊണ്ട് പറയുന്നു. അല്ലാഹു അയച്ചവരെ അംഗീകരിക്കുന്നവർക്ക് അവർ തഖ്‌വയിൽ മുന്നേറാൻ ശ്രമിക്കുന്നതുകാരണം സൽപ്രവൃത്തികൾ ചെയ്യാനുള്ള പരിശ്രമം കാരണം അവരിൽ നിന്നും അല്ലാഹു ഇഷ്ടപ്പെടാത്ത വല്ല പ്രവൃത്തിയും മാനുഷിക

ദൗർബല്യങ്ങൾ കാരണം ഉണ്ടായെങ്കിൽതന്നെ അല്ലാഹു അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതാണ്. അല്ലാഹു തന്റെ ദാസരോട് എന്തുമാത്രം കാരുണ്യവും അനുഗ്രഹവുമാണ് ചെയ്യുന്നത് എന്ന് നോക്കുക.

അല്ലാഹു പറയുന്നു, തിന്മക്ക് പ്രതിഫലം അത്രതന്നെ തിന്മയാണ്. എന്നാൽ നന്മയുടെ പ്രതിഫലം പത്തിരട്ടിയും. ഒരാൾ വാശിപിടിച്ച് തിന്മതന്നെ ചെയ്തു കൊണ്ടിരിക്കുകയാണെങ്കിലല്ലാതെ ഒരിക്കലും നാശത്തിലേക്ക് പോകില്ല. മനുഷ്യന്റെ നന്മയുടെ പ്രതിഫലം അവന്റെ തിന്മകളെ പിന്നോട്ട് വലിച്ചെറിയുന്നതാണ്. തിന്മയുടെ എല്ലാ ദുഷ്ഫലങ്ങളും അല്ലാഹു ദുരീകരിക്കുന്നതാണ്. സത്പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം അല്ലാഹു നൽകുകയും ചെയ്യുന്നു. ഈ ലോകത്ത് അവർ നന്മചെയ്തുകൊണ്ടിരുന്ന കാരണത്താൽ ഈ ലോകവും സ്വർഗതുല്യമാക്കി അവർ മാറ്റുന്നു. അതേ പോലെ പരലോകത്തും സ്വർഗം കരസ്ഥമാക്കുന്നവരായി അവർ മാറുന്നു.

അതിനാൽ അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടവരെ വിശ്വസിച്ചുകൊണ്ട് അവനിൽനിന്ന് ലഭിക്കുന്ന മനഃസംതൃപ്തിയും അല്ലാഹു അയച്ച വ്യക്തിയുടെ സത്യസാക്ഷ്യത്തിനുള്ള ഒരു തെളിവാണ്. ഇക്കാലത്ത് അഹ്മദികൾ ഇതിന് സാക്ഷികളാണ്. നവാഗതർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മനഃസംതൃപ്തിയും അവരുടെ വിശ്വാസദൃഢീകരണത്തിന് കാരണമായിക്കൊണ്ടിരി ക്കുന്നു. ഈ വിഷയം ഉൾക്കൊള്ളുന്ന പല കത്തുകളും നിത്യവും എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു: أَلَيْسَ اللَّهُ بِكَافٍ عَبْدَهُ *അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ?* ഇവിടെ അല്ലാഹു വീണ്ടും സാന്ത്വനം നൽകുന്നു. ആക്ഷേപം ഉന്നയിക്കുന്നവർ ആക്ഷേപിക്കുന്നത് ഇദ്ദേഹം കള്ളവാദിയാണെന്നാണ്.

ഇങ്ങിനെ ആരോപണം ഉന്നയിക്കുന്നവരുടെയും അക്രമികളുടെയും വാസസ്ഥലം നരകമാണെന്ന് അല്ലാഹു പറയുന്നു. എന്നാൽ അദ്ദേഹത്തെ അംഗീകരിക്കുന്നവരോട് അവരുടെ തിന്മകളെ ദൂരീകരിച്ചു കൊണ്ട് അവരുടെ നന്മക്കുള്ള പ്രതിഫലം നൽകുന്നതും കൂടുതൽ നന്മകൾ ചെയ്യാനുള്ള തൗഫീഖ് നൽകുകയും ചെയ്യുന്നതാണ്. ഇതുകാരണം അവർ തഖ്‌വയിൽ മുന്നേറാൻ ശ്രമിക്കുന്നതാണ്. ഇവിടെ അല്ലാഹു തന്റെ ദാസർക്ക് അവൻ മതിയായവനാ ണെന്ന് പറഞ്ഞുകൊണ്ട് അല്ലാഹു അയച്ചവരെ നിഷേധിക്കുന്നവരോട് അല്ലാഹു പറയുന്നത് ഞാൻ അയച്ചവരെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ലെന്നാണ്. കാരണം ഞാൻ അവരെ സഹായിക്കുന്നതാണ്, അതേ പോലെ അവരെ വിശ്വസിക്കുന്നവരെയും സഹായിക്കുന്നതാണ്.

തിരുനബി(സ)നെയും തിരുസഹാബത്തിനെയും ഓരോ നിമിഷവും അല്ലാഹു സഹായിച്ചിട്ടുണ്ട് എന്നതിന് അവരുടെ ജീവിതം തന്നെ സാക്ഷിയാണ്. മുസ്‌ലിംകൾ യുദ്ധത്തിൽ ശഹീദായിട്ടുണ്ട് എന്നത് ശരിതന്നെ. എന്നാൽ ശത്രുപക്ഷത്തെ നോക്കുമ്പോൾ വളരെ കുറച്ച് നഷ്ടം മാത്രമേ മുസ്‌ലിംകൾക്ക് വന്നിട്ടുള്ളൂ. അതേ പോലെ ശത്രുക്കൾ ഏതൊരു ലക്ഷ്യമാണോ കരസ്ഥമാക്കാൻ ആഗ്രഹിച്ചിരുന്നത് - ഇസ്‌ലാമിനെ നശിപ്പിക്കുക എന്നത്- അതവർക്ക് കരസ്ഥമാക്കാൻ സാധിച്ചില്ല. ഇന്നും തിരുനബി(സ)ക്കും ഇസ്‌ലാമിനും എതിരിൽ വളരെ തരംതാണ ആക്ഷേപങ്ങൾ ശത്രുപക്ഷം ആക്ഷേപിക്കുന്നുണ്ടെങ്കിൽ തന്നെയും അവർക്ക് ഇതുവരെ ഇസ്‌ലാമിന് ഒരു നഷ്ടവും വരുത്താൻ സാധിച്ചിട്ടില്ല. ഇന്നും മുസ്‌ലിംകളിൽ ഒരു വിഭാഗം തിരുനബി(സ) കൊണ്ടുവന്ന ശരീഅത്ത് തങ്ങളുടെ ജീവിതത്തിൽ പകർത്തിക്കൊണ്ട് ജീവിക്കുന്നവരായിട്ടുണ്ട്. അതിന്നായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരുമുണ്ട്.തിരുനബി(സ)യെ ഖിയാമത്ത്നാൾ വരേക്കും വേണ്ടി അയക്കപ്പെട്ടു എന്നതിനുള്ള തെളിവാണിത്. തിരുനബി(സ) കൊണ്ടു വന്ന ശരീഅത്ത് ജീവനുള്ളതാണെന്നും അത് ജീവിച്ചിരിക്കുന്നുണ്ടെന്നതിനുമുള്ള തെളിവുകൂടിയാണിത്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഭീഷണിക്കും ആരോപണങ്ങൾക്കും ഇസ്‌ലാമിന് ഇതുവരെ ഒരു ന്യൂനവും വരുത്തിവെക്കാൻ സാധിച്ചിട്ടില്ല. ഇനി ഒട്ട് സാധ്യവുമല്ല. അല്ലാഹു പറയുന്നു, ഞാൻ ഇവർക്ക് മതിയായവനാണ്. ശത്രുക്കളുടെ എല്ലാ കുതന്ത്രങ്ങളിൽനിന്നും ഞാൻ എന്റെ ദാസരെ സംരക്ഷിക്കുന്നതാണ്.

ഇക്കാലത്ത് തിരുനബി(സ)യുടെ സത്യസന്ധനായ പ്രേമിയെ അല്ലാഹു അയക്കുകയുണ്ടായി. ഒരാവേശത്തോടുകൂടി ഇസ്‌ലാമിന്റെ ശത്രുക്കളെ നേരിടാനാണ് അദ്ദേഹത്തെ അയച്ചിട്ടുള്ളത്. മുസ്‌ലിം ലോകം ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും അല്ലാഹുവിന്റെ ഈ യോദ്ധാവിന്റെ സൈന്യത്തിൽ പ്രവേശിച്ചു കൊണ്ട് അല്ലാഹുവിന്റെ സഹായം എപ്പോഴും ലഭിക്കും എന്ന് വാഗ്ദാനം ചെയ്യപ്പെട്ടവരിൽ ഉൾപ്പെടുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനേ?

അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണെന്ന് നാം മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിന്റെ ദാസർ എന്നാൽ എന്താണ് വിവക്ഷ? ഈ ലോകത്ത് വരുന്നവരെല്ലാം അല്ലാഹുവിന്റെ ദാസരാണ്. എന്നാൽ യഥാർത്ഥ ദാസർ അല്ലാഹുവിന്റെ കൽപനകളെ പൂർണ്ണമായും ശിരസ്സാവഹിച്ചുകൊണ്ട് ജീവിക്കുന്നവരാണ്. അവർ അല്ലാഹുവിന്റെ മതത്തിന്റെ സഹായികളായിരിക്കും. ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന് വിളംബരപ്പെടുത്തുന്നവരിൽ ഉൾപ്പെടുന്നവരാണവർ. അല്ലാഹുവിനെ ആരാധിക്കുന്നതിൽ അവർ മുഴുകിയിരിക്കും. അല്ലാഹുവിന്റെ മഹത്വം എപ്പോഴും പ്രഘോഷിക്കുന്നവരായിരിക്കും അവർ. അവർക്ക് അല്ലാഹുവിനോട് ആഴത്തിലുള്ള സ്നേഹമുണ്ടായിരിക്കും. അല്ലാഹുവിന്നെതിരിൽ ഒന്നും കേൾക്കാൻ അവർ തയ്യാറായിരിക്കില്ല. യഥാർത്ഥദാസരുടെ ഗുണങ്ങളാണിവ. ഇതിന്റെ ഉത്തുംഗപദവിയിൽ വിരാചിക്കുന്നത് തിരുനബി(സ) ആണ്. ഇതിനേക്കാളും ഉയരത്തിൽ ആരും എത്തില്ല. തിരുനബി(സ)ക്ക് അല്ലാഹു മതിയായവനാണെന്നതിനുള്ള അടയാളങ്ങൾ പലവുരു കാണിച്ചിട്ടുണ്ട്. ആ അടയാളങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നു. മനുഷ്യചിന്തകൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത തരത്തിൽ ശത്രുക്കളിൽനിന്നും തിരുനബി(സ)യെ അല്ലാഹു രക്ഷിക്കുകയുണ്ടായി. മനുഷ്യശക്തിക്ക് ഈ രീതിയിൽ ശത്രുക്കളിൽനിന്ന് രക്ഷപ്പെടുത്താനും സാധ്യമല്ല. ഹിജ്റ സമയത്ത് ഗുഹയിൽ വെച്ച് അല്ലാഹു രക്ഷിച്ചത് നമുക്കറിയാം. ഇവിടെ അല്ലാഹു തിരുനബി(സ)ക്ക് كَافِى - മതിയായവൻ- ആയിത്തീർന്നു. സമ്മാനത്തുകയുടെ അത്യാഗ്രഹത്താൽ തിരുനബി(സ)യെ വധിക്കാൻ പിൻതുടർന്നവരിൽ നിന്നും അല്ലാഹു ആ മഹാത്മാവിനെ രക്ഷിച്ചു. യുദ്ധവേളകളിൽ അല്ലാഹു മതിയായവനാണെന്ന صِفَتْ പ്രകടമാക്കി. തിരുനബി(സ) ഒറ്റക്ക് ഉറങ്ങിക്കിടക്കുമ്പോൾ ഊരിപ്പിടിച്ച വാളുമായി വന്ന ശത്രു ചോദിച്ചു, 'എന്നിൽനിന്നും താങ്കളെ ആര് രക്ഷിക്കും?' അപ്പോഴും അല്ലാഹു സഹായത്തിനെത്തി. സഹാബത്ത് ഈ കാഴ്ചകൾ തങ്ങളുടെ ജീവിതത്തിൽ ദർശിക്കുകയുണ്ടായി. ഇതെല്ലാം തിരുനബി(സ) സത്യവാനാണെന്നതിനുള്ള തെളിവുകളാണ്. അല്ലാഹു തിരുനബി(സ)ക്കും സഹാബത്തിനും كَافِى ആയിത്തീർന്നു. ഇവർ അല്ലാഹുവിന്റെ യഥാർത്ഥ ദാസൻമാരായിത്തീരാൻ ശ്രമിച്ചുകൊണ്ടിരുന്നു. ജനങ്ങളോടുള്ള ഭയം അവരുടെ ഹൃദയത്തിൽനിന്നും ഇല്ലാതെയായി. അവർ പൂർണ്ണമായും അല്ലാഹുവിന്റെതായിത്തീർന്നു. 'അല്ലാഹു അവരോട് തൃപ്തിപ്പെട്ടിരിക്കുന്നു' എന്ന സന്തോഷവാർത്ത അവർക്ക് കേൾക്കാൻ സാധിച്ചു. വഴികേട് വിധിക്കപ്പെട്ട ഭാഗ്യദോഷികളായ നിഷേധികൾ അവരുടെ തന്നെ നാശം കാണുകയും ചെയ്തു.

അല്ലാഹു പറയുന്നു, 'അല്ലാഹു ഹിദായത്ത് നൽകുന്നവർക്ക് മാത്രമേ ഹിദായത്ത് ലഭിക്കുകയുള്ളൂ. അല്ലാഹു ഹിദായത്ത് നൽകിയവരെ ആർക്കും വഴികേടിലാക്കാൻ സാധ്യമല്ല'. ഹിദായത്ത് ലഭിക്കുവാനായും അല്ലാഹുവിലേക്ക് തന്നെ കുമ്പിടേണ്ടതാണ്.

വിശ്വാസവർദ്ധനവിന് വേണ്ടിയും അതിനുശേഷം വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അവന്റെ മുമ്പിൽ തന്നെ കുമ്പിടുക. ഹിദായത്ത് ലഭിക്കുന്നവർ പിന്നീട് യഥാർത്ഥദാസരായിത്തീരുന്നു. ഇതിലാണ് അവർക്ക് നിലനിൽപ്പുള്ളത് എന്ന യാഥാർത്ഥ്യം അവർ അറിയുന്നു. പരിപൂർണ്ണവിജയം അല്ലാഹുവിനാണ് ലഭിക്കുക. അല്ലാഹുവിന്നും അവന്റെ പ്രവാചകന്മാർക്കും നഷ്ടം വരുത്താൻ ശ്രമിക്കുന്നവർ ദൈവശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതല്ല. അല്ലാഹു തന്റെ പ്രിയരോടും അവരെ അംഗീകരിക്കുന്നവരോടും ശത്രുത കാണിക്കുന്നവരോട് പ്രതികാരം ചെയ്യുന്നതാണ്. അല്ലാഹുവിന്റെ പ്രതികാരം ഈ ലോകത്തും പരലോകത്തും ശിക്ഷ എന്ന രീതിയിലാണ് വെളിപ്പെടുന്നത്. അല്ലാഹുവിന്റെ വരിഷ്ഠദാസരോട് ശത്രുത പുലർത്തുക എന്നത് അവന്റെ പക്കൽ വലിയ അപരാധമാണ്. അവർക്കായി അല്ലാഹു അടയാളമായിത്തീരുന്ന തന്റെ ശക്തിപ്രഭാവം പ്രകടമാക്കുകയും ചെയ്യുന്നു. ഇതിനുശേഷം നിഷേധികളായ ജനതക്ക് രക്ഷപ്പെടാൻ ഭൂമിയിൽ ഒരിടവും അവശേഷിക്കാതെ വരുന്നു. പരലോകത്തും അവരോട് മോശമായ രീതിയിലായിരിക്കും പെരുമാറുന്നത്.

അല്ലാഹു അയക്കുന്ന വ്യക്തികളുടേയും അവരിൽ വിശ്വസിച്ചവരുടെയും സത്യസാക്ഷ്യത്തിനുള്ള അടയാളങ്ങളാണിവ. അല്ലാഹു അവരെ ശത്രുക്കളുടെ എല്ലാ ആക്രമണത്തിൽനിന്നും രക്ഷപ്പെടുത്തുകയും അവരെ സംരക്ഷിക്കുകയും അവർക്കായി എപ്പോഴും അടയാളങ്ങൾ പ്രത്യക്ഷപ്പെടുത്തി ക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ പ്രിയരും അവരെ വിശ്വസിക്കുന്നവരും അവരുടെ കൽപനകൾ അനുസരിച്ച് ജീവിക്കുന്നവരും 'നിങ്ങൾ എന്റെ ദാസരിൽ പ്രവേശിപ്പിക്കുക' എന്ന സന്തോഷവാർത്ത കേൾക്കുന്നു. തഖ്‌വയിൽ പദമൂന്നുന്നവരും സൽപ്രവൃത്തികൾ ചെയ്യുന്നവരും അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമായിത്തീരുന്നു. തിരുനബി(സ) ആണ് ഏറ്റവും ഉത്തുംഗമമായ ഈ സ്ഥാനം കരസ്ഥമാക്കിയത്. തിരുനബി(സ) കാരണം അദ്ദേഹത്തിന്റെ അനുയായികൾക്കും അല്ലാഹു മതിയായവനായിത്തീരുന്നതാണ്. അവർക്കായും തന്റെ ശക്തിപ്രഭാവങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തിരുനബി(സ)യുടെ സേവകരിൽ ഏറ്റവും ഔന്നത്യം പ്രാപിച്ച വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ്. ആ മഹാത്മാവിന് '**أَلَيْسَ اللَّهُ بِكَافٍ عَبْدَهُ**' എന്ന വചനം പലപ്രാവശ്യം അല്ലാഹു ഇൽഹാം മുഖേന അറിയിക്കുകയുണ്ടായി. പിതാവിന്റെ മരണസമയത്താണ് ആദ്യമായി ഈ ഇൽഹാം ഉണ്ടായത്. പിതാവിന്റെ മരണം ആസന്നമായപ്പോൾ അല്ലാഹു മുൻകൂട്ടിത്തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇതറിയിക്കുകയുണ്ടായി. ഇത് കേട്ട് അദ്ദേഹം വളരെ വിഷമത്തിലായി. ഈ സമയത്താണ് '**അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ**' എന്ന ഇൽഹാം ഇറക്കിക്കൊടുക്കുന്നത്. അല്ലാഹു പറയുകയാണ്, ഒരു ഭാഗത്ത് നീ എന്റെ ദാസനാണെന്ന് വാദിക്കുന്നു, മാത്രമല്ല ദാസനാണെന്നതിനുള്ള അടയാളങ്ങൾ ഞാൻ ഇടക്കിടക്ക് നിനക്ക് വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതെല്ലാം എന്റെ സ്നേഹപ്രകടനങ്ങളാണ്. മാത്രമല്ല '**أَلَيْسَ اللَّهُ بِكَافٍ عَبْدَهُ**' എന്നതും എന്റെ സ്നേഹപ്രകടനത്തിന്റെ അടയാളമാണ്. അതുകൊണ്ട് പിതാവിന്റെ മരണത്തിൽ ഒരു തരത്തിലും നീ വ്യസനിക്കേണ്ടതില്ല. ഞാൻ നിന്റെ കൂടെ ഉണ്ടാകുന്നതാണ്. നിന്റെ ആവശ്യങ്ങൾ എല്ലാം തന്നെ ഞാൻ പൂർത്തിയാക്കിത്തരുന്നതാണ്. ഇതിനു ശേഷം ജീവിതത്തിലാവശ്യമായ എല്ലാ കാര്യങ്ങളും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകുകയുണ്ടായി. മാത്രമല്ല ഒരു ലോകത്തിനുമുഴുവനും അദ്ദേഹത്തിന്റെ കരങ്ങളെക്കൊണ്ട് ഭക്ഷണം നൽകുകയും ചെയ്തു. ഇന്നും അദ്ദേഹത്തിന്റെ ഭക്ഷണത്തളികയിൽ നിന്ന് ലോകം ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ ഇൽഹാം പലപ്രാവശ്യം ഉണ്ടായിട്ടുണ്ട്. ജീവസന്ധാരണത്തിനുള്ള ആവശ്യങ്ങൾ മാത്രമല്ല അല്ലാഹു നിവർത്തിച്ചിരുന്നത്. ശത്രുക്കളുടെ ഓരോ അടവുകളിൽനിന്നും അവരുടെ ഓരോ കുതന്ത്രങ്ങളിൽനിന്നും അല്ലാഹു അദ്ദേഹത്തെ രക്ഷിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹത്തിന് അവൻ മതിയായവനായിത്തീർന്നു. ചില സമയങ്ങളിൽ പെട്ടെന്ന് പ്രതിക്രിയ ചെയ്തുകൊണ്ട് അവരെ ശിക്ഷക്ക് പാത്രമാക്കുകയും ചെയ്തു. അങ്ങനെ അവർ മറ്റുള്ളവർക്ക് ഒരു ഗുണപാഠമായി മാറി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജീവിതം അങ്ങനെയുള്ള പല സംഭവങ്ങളാലും നിറഞ്ഞിരിക്കുക യാണ്. ആ മഹാത്മാവിന്റെ യജമാനനായ തിരുനബി (സ) ക്ക് അല്ലാഹു എപ്രകാരം '**كَافِيْ**' മതിയായവനായി ത്തീർന്നുവോ അതേപോലെ ഈ നിഷ്ക്കളങ്കമായ ദാസത്വത്തിന്റെ ഫലമായി അദ്ദേഹത്തെയും ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുത്തുകയുണ്ടായി. എതിരാളികൾ ഗവൺമെന്റിന്റെ അടുത്ത് പോയി പലവിധ ആരോപണങ്ങളും ആ മഹാത്മാവിനെ കുറിച്ച് ഉന്നയിച്ചിരുന്നു. എത്രമാത്രമെന്നാൽ പോലീസ് മേലുദ്യോഗസ്ഥന്മാർ വന്ന് ആ മഹാത്മാവിന്റെ വീട് പോലും റെയ്ഡ് ചെയ്യുകയുണ്ടായി. എന്നാൽ അവിടെയെല്ലാം അല്ലാഹു തന്റെ '**كَافِيْ**' എന്ന **صِفَتْ** പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്. വിശുദ്ധഖുർആനിൽ തിരുനബി(സ)യോട് അല്ലാഹു പറയുന്നത് നീ നിന്റെ ജോലി നിർവിഗ്നം തുടർന്നുകൊണ്ടുപോകുക എന്നാണ്. ശത്രുക്കൾ എന്തും ചെയ്യട്ടെ, പരിഹസിക്കുകയോ, അപവാദങ്ങൾ പറഞ്ഞു പരത്തുകയോ ചെയ്യട്ടെ. **إِنَّا كَفَيْنَاكَ الْمُسْتَهْزِئِينَ** '*പരിഹസിക്കപ്പെടുന്നവർക്ക് നാം മതിയായവനാണ്.*' ഇതിനുശേഷം അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കളോട് ഏതുരീതിയിൽ പ്രതിക്രിയ ചെയ്തെന്നും അല്ലാഹു മതിയായവനായിത്തീർന്നെന്നും ലോകം കാണുകയുണ്ടായി.

തിരുനബി(സ) യോട് അല്ലാഹു പറയുകയുണ്ടായി; 'താങ്കൾ ഇപ്രകാരം പ്രഖ്യാപിക്കുക, **فَاتَّبِعُونِي يُحْبِبْكُمُ اللَّهُ**

*നിങ്ങൾ എന്നെ പിൻപറ്റുക, അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.*

തിരുനബി(സ)യെ ഏറ്റവും ഉന്നതമായ രീതിയിൽ പിൻപറ്റിയത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്. അതുകൊണ്ട് തന്നെയാണ് ലോകരെ ഒരേ ദീനിൽ ഒരുമിച്ചുകൂട്ടുക എന്ന മഹത്തായ ദൗത്യം അല്ലാഹു അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നത്. ഇതെല്ലാം തന്നെ തിരുനബി(സ)യോട് അദ്ദേഹം കൽപ്പിച്ച സ്നേഹത്തിന്റെ ഫലമായിരുന്നു. ഇതുകാരണം അല്ലാഹുവും അദ്ദേഹത്തെ സ്നേഹിക്കുകയുണ്ടായി. ഇതുകാരണം ചില ആയത്തുകളോ ആയത്തുകളുടെ ഭാഗങ്ങളോ അദ്ദേഹത്തിന് ഇൽഹാം മുഖേന അറിയിക്കുകയും ചെയ്തു. **إِنَّا كَفَيْنَاكَ الْمُسْتَهْزِئِينَ** എന്നത് അദ്ദേഹത്തിന് ലഭിച്ച ഇൽഹാമുകളിൽപെട്ടതാണ്. പല സന്ദർഭങ്ങളിലും അല്ലാഹു ആ മഹാത്മാവിനെ സഹായിച്ചുകൊണ്ട് ശത്രുക്കളെ നിന്ദിക്കുകയുണ്ടായി. എന്നാൽ അഭിമാനം ഇല്ലാതായിത്തീർന്നാൽ പിന്നെ നിന്ദ്യതയൊന്നും ഒരു പ്രശ്നമായിത്തീരുന്നില്ല. അങ്ങനെയുള്ള അവസ്ഥയിൽ താൻ അപമാനിതനായെന്ന കാര്യം മനുഷ്യൻ അംഗീകരിക്കാൻ കൂട്ടാക്കാതെ വരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എതിരിൽ വന്ന വലിയ പണ്ഡിതരും ജനങ്ങളുടെ ഇടയിൽ ആദരണീയരുമായവർ കോടതികളിൽ നിന്ദ്യരായിത്തീർന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹദ്റത്ത് മസീഹ് മൗഊദ്(അ) കോടതിയിൽ കസേരയിൽ ഇരിക്കുന്നത് കണ്ടപ്പോൾ തനിക്കും കസേര ആവശ്യപ്പെടുകയും ജഡ്ജി കസേര തരില്ല എന്ന് പറഞ്ഞ് അയാളെ ആട്ടിയോടിക്കുകയുമുണ്ടായി. എന്നാൽ കോടതിമുറിയിൽ നിന്നും പുറത്തിറങ്ങി വരാന്തയിൽ കസേരയിൽ ഇരിക്കാൻ നോക്കിയപ്പോൾ അവിടത്തെ കാവൽക്കാരനും അവിടെനിന്ന് ആട്ടിയോടിച്ചു. ഇങ്ങിനെ നിന്ദ്യരിൽ നിന്ദ്യനായി അയാൾ മാറി. ചിന്തിക്കുന്നവർക്ക് ഇതിൽ ഗുണപാഠമുണ്ടെന്ന് മനസ്സിലാക്കാം. ഇങ്ങിനെയുള്ള പല സംഭവങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. വിവരിക്കാൻ സമയമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസി

ക്കാതെ നമ്മുടെ എതിരാളികൾക്ക് അവരുടെ ജീവിതലക്ഷ്യം ഒരിക്കലും കരസ്ഥമാക്കാൻ സാധ്യമല്ല. അദ്ദേഹം സത്യവാനാണെന്നും തിരുനബി(സ)യുടെ സത്യസന്ധനായ പ്രേമഭാജനമാണെന്നതിനുമുള്ള തെളിവുകൾ നാം നിത്യേന കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ സന്ദർഭങ്ങളിലും അല്ലാഹു തന്റെ 'كَافِى' എന്ന صِفَتْ ഈ രീതിയിൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. ഇത് കാണുമ്പോൾ നമ്മുടെ ഈമാൻ വർദ്ധിക്കുകയും ചെയ്യുന്നു. ഈ അടയാളങ്ങൾ പ്രത്യക്ഷമാകുമ്പോൾ ഇതിനെ കുറിച്ച് മനസ്സിലാക്കിക്കൊണ്ട് ഓരോ അഹ്മദിയും വിശ്വാസത്തിൽ വർദ്ധനവ് വരുത്തേണ്ടതാണ്. നന്ദിസൂചകമായിക്കൊണ്ട് അല്ലാഹു മതിയായവനായിത്തീരുന്ന ദാസരിൽ ഉൾപ്പെടാൻ നാം പരിശ്രമിക്കേണ്ടതാണ്. തഖ്‌വയിൽ പദമൂന്നിക്കൊണ്ട് തിരുനബി(സ)യെ പരിപൂർണ്ണമായി പിൻപറ്റുന്നവരാകുകയും തിരുനബി(സ)യുടെ യഥാർത്ഥപ്രേമിയുമായി നാം ശരിക്കും ബന്ധം സ്ഥാപിക്കുകയും ചെയ്യുമ്പോഴാണ് ഇതെല്ലാം സാധ്യമായിത്തീരുന്നത്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം മാത്രമാണ് അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ പുതിയ പ്രഭാവത്തോടുകൂടി പൂർത്തിയാകുന്നതായി കാണുന്നവർ. തിരുനബി(സ)യെ യഥാർത്ഥവും നിഷ്കളങ്കവുമായി സ്നേഹിക്കുന്നവർ ഇന്ന് നാം മാത്രമാണ്. അതുകൊണ്ട് ഞങ്ങളുടെ ശത്രുക്കളും എതിരാളികളും ഞങ്ങളെ പരിഹസിക്കുന്നതിനും ഞങ്ങളിൽ ദുരാരോപണങ്ങൾ ഉന്നയിക്കുന്നതിനും വേണ്ടി എത്രതന്നെ ശ്രമിച്ചാലും മുമ്പും അല്ലാഹു ഞങ്ങൾക്ക് മതിയായതുപോലെ ഇപ്പോഴും മതിയായിത്തീരുന്നതാണ്. ഭാവിയിലും അവൻ ഞങ്ങൾക്ക് മതിയായവനാണ്.

ഈ ദുഷ്പ്രകൃതക്കാരായ പണ്ഡിതന്മാരും അവരുടെ കൂടെയുള്ളവരും അതുപോലെ പാകിസ്ഥാനിലെ നീതിപീഠത്തിൽ ഇരിക്കുന്ന അഭ്യസ്തവിദ്യരായവരും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അനുയായികൾക്ക് ഏതെല്ലാം രീതിയിലാണ് നഷ്ടം വരുത്താനും പരിഹാസപാത്രമാക്കാനും ശ്രമിക്കുന്നത് എന്നതിന് അടുത്തകാലത്തുണ്ടായ ഒരു സംഭവം ഞാൻ വിവരിക്കാം.

കുറച്ച് ദിവസങ്ങൾക്കുമുൻപ് നൻക്കാന പ്രദേശത്ത് നമ്മുടെ അഹ്മദീസഹോദരന്മാരുടെ പേരിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. കേസിതാണ്. *ചില മൗലവിമാർ ഒരു പോസ്റ്റർ ഒട്ടിച്ചിരുന്നു. അത് ചില അഹ്മദികൾ കീറിക്കളഞ്ഞു.* ഈ ആരോപണം തീർത്തും അടിസ്ഥാനരഹിതമായിരുന്നു. ഇങ്ങനെ ഒരു പ്രശ്നമേ ഉണ്ടായിട്ടില്ല. നമ്മുടെ മുഖത്തുനോക്കി ആരെങ്കിലും അസഭ്യം പറഞ്ഞാൽ പോലും ക്ഷമയോടെ കേട്ടിരിക്കുന്നവരാണ് നാം. കാരണം ക്ഷമ കൈക്കൊള്ളേണ്ടതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വളരെ സ്പഷ്ടമായ പാഠങ്ങൾ നൽകിയിട്ടുള്ളതാണ്. നാം പ്രതികരിക്കാൻ ഇതേവരെ ശ്രമിച്ചിട്ടില്ല. നാം ഇതേവരെ പ്രതികാരം ചെയ്തിട്ടുമില്ല. ഇവർ ഇതേവരെയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ അല്ലാഹു തന്നെയാണ് തന്റെ മസീഹിനെ ശല്യപ്പെടുത്തുന്നവരോട് പ്രതികാരം ചെയ്യുക എന്ന് ഇവർക്ക് മനസ്സിലായേനെ. ഈ ഒരു കാരണം കാണിച്ചുകൊണ്ട് പോലീസ് കേസ്സെടുക്കുകയും കീഴ്കോടതിയിൽ ജാമ്യത്തിന് അപേക്ഷിച്ചിട്ട് ശരിയാകാതെ വന്നപ്പോൾ ഹൈക്കോടതിയിൽ ഈ കേസ് സമർപ്പിക്കുകയും ചെയ്തു. ഹൈക്കോടതിയിലെ ജഡ്ജിയായ റാനെ സഈദ് മഹ്മൂദ് സാഹിബ് തന്റെ അനുയായികളെ തൃപ്തിപ്പെടുത്തുന്നതിന്നായി വളരെ നിഷ്ഠൂരമായ തീരുമാനം എടുക്കുകയുണ്ടായി. ജഡ്ജി സാഹിബിന്റെ പരാമർശം ഇങ്ങിനെയാണ്. 'ഇങ്ങിനെയുള്ള പരിശുദ്ധവ്യക്തികളെ അപകീർത്തിപ്പെടുത്തുന്നവർക്ക് കോടതിയിൽ ജാമ്യാപേക്ഷ നൽകാനുള്ള അവകാശമില്ല.' പരിശുദ്ധവ്യക്തികൾ എന്ന് പറയുമ്പോൾ ഞങ്ങളുടെ പക്കൽ ഏറ്റവും പരിശുദ്ധവ്യക്തിത്വം തിരുനബി(സ)യുടെ വ്യക്തിത്വമാണ്. തിരുനബി (സ)യെ അപകീർത്തിപ്പെടുത്തുന്ന വല്ലതും ഒരു അഹ്മദിയിൽനിന്ന് ഉണ്ടാകുക എന്നത് ചിന്തിക്കാൻ കൂടി സാധ്യമല്ല. തിരുനബി(സ)യുടെ യഥാർത്ഥദാസന്റെ ദാസരാണ് ഞങ്ങൾ. അതേപോലെ സഹാബത്തിനെ അപകീർത്തിപ്പെടുത്തുന്നവരിലും ഞങ്ങൾ ഒരിക്കലും പങ്കാളികളല്ല. ഈ ജഡ്ജിയുടെ മനസ്സിൽ ഇന്നത്തെ മുല്ലാക്കളാണ് പരിശുദ്ധ വ്യക്തിത്വങ്ങളെങ്കിൽ ഞങ്ങൾ അവരെകുറിച്ച് ഒന്നും പറയുന്നില്ലെങ്കിലും അവരെ പുകഴ്ത്തിപ്പറയാൻ ഏതായാലും ഞങ്ങളില്ല. ഇവരെ പുകഴ്ത്തിപ്പാടൽ ഇങ്ങനെയുള്ള ജഡ്ജിമാർക്ക് ഭൂഷണമായിരിക്കട്ടെ. ഞങ്ങൾ എപ്പോഴും തിരുനബി(സ) യെയും മറ്റു പരിശുദ്ധവ്യക്തിത്വങ്ങളെയും ആദരിക്കുന്നവരും അവരുടെ സ്ഥാനമാനങ്ങൾ അംഗീകരിക്കുന്നവരുമാണ്. ഒരു ദീർഘകാലമായി പാകിസ്ഥാനിലെ കോടതികളുടെ സ്ഥിതിയാണിത്. അവരിൽ നിന്ന് ഞങ്ങൾ ഒരു നന്മയും പ്രതീക്ഷിക്കുന്നില്ല. അല്ലാഹുവിന്റെ സ്വിഫത്തുകളെ അറിയുന്നവരാണ് ഞങ്ങൾ. അവനോട് ഞങ്ങൾ ചോദിക്കുന്നു. അവന്റെ മുമ്പിൽ കുമ്പിടുകയും ചെയ്യുന്നു. ഞങ്ങൾക്ക് അവൻ മതി. തീർച്ചയായും ഇക്കൂട്ടർ അല്ലാഹുവിന്റെ പിടിത്തത്തിൽ വരുന്നതാണ്. ഇവർ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ കാര്യം ഗ്രഹിക്കുന്നില്ലെന്നുമാത്രം. അല്ലാഹു അയച്ച ഒരു വ്യക്തിയെ കള്ളവാദിയാണെന്ന് പറയുന്നവനേക്കാൾ അക്രമി മറ്റാരാണെന്ന് അല്ലാഹു ചോദിക്കുന്നു. പാകിസ്ഥാനിലെ ഉന്നതങ്ങളിലുള്ളവരോട് എനിക്ക് പറയാനുള്ളത് ഇനിയെങ്കിലും കാര്യത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുക എന്നാണ്. അല്ലാഹുവിന്റെ ശിക്ഷയെ നിങ്ങൾ മാടിവിളിക്കരുത്. അതിന്റെ അടയാളങ്ങൾ ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. അത് തടയാൻ ഇപ്പോഴും സമയമുണ്ട്. അതിൽനിന്നും രക്ഷപ്പെടാനുള്ള ഒരേ ഒരു മാർഗം അല്ലാഹുവിനോട് മാപ്പിരക്കുക എന്നതാണ്. ഹൃദയ ങ്ങളുടെ അവസ്ഥ അറിയാൻ വല്ല അളവുകോലും ഇവരുടെ പക്കലുണ്ടെങ്കിൽ-അങ്ങിനെ ഒരു അളവുകോൽ തിരുനബി(സ) പറഞ്ഞുതന്നിട്ടില്ല- നിങ്ങൾ ഒന്ന് പരിശോധിച്ചുനോക്കുക. തിരുനബി(സ)യോടുള്ള സ്നേഹത്താൽ അലതല്ലുന്ന മഹാസാഗരം നിങ്ങൾക്ക് ഞങ്ങളുടെ ഹൃദയത്തിൽ കാണാൻ സാധിക്കുന്നതാണ്. മുസ്‌ലിംനാമധാരികളും തന്നിഷ്ടക്കാരും അഹങ്കാരികളുമായ ഈ മുല്ലാക്കളുടെ കൂടെ കൂടി നിങ്ങളുടെ ദുൻയാവും ആഖിറത്തും നശിപ്പിക്കരുതെന്ന അഭ്യർത്ഥന പാകിസ്ഥാനിലെ പൊതുജനങ്ങളോട് ഞാൻ ചെയ്യുകയാണ്. അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുന്നതിനു പകരം അല്ലാഹു വിന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക. അല്ലാഹു തആല ഓരോ അഹ്മദിയേയും തന്റെ സംരക്ഷണത്തിൽ നലനിർത്തുമാറാകട്ടെ. ഇവരുടെ ഉപദ്രവത്തിൽ നിന്നും നമ്മെ സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

പാകിസ്ഥാനിൽ ഇടക്കിടക്ക് മുല്ലാക്കൾ ഓരോന്നും പറഞ്ഞ് ജനങ്ങളെ ഇളക്കിവിടാറുണ്ട്. ഇതുമുഖേന ചില അഹ്മദികൾ ശഹീദാക്കപ്പെടുന്നു. പാകിസ്ഥാൻ ഗവൺമെന്റ് ഉണ്ടാക്കിവെച്ചിരിക്കുന്ന ക്രൂരമായ നിയമം കാരണമാണ് ഇത് നടക്കുന്നത്. ഈ ഒരു നിയമമാണ് നാടിന് നിയമമില്ലാത്ത ഒരവസ്ഥക്ക് കാര ണമായിട്ടുള്ളത്. ഇപ്പോൾ ഒരു നിയമവും നാട്ടിലില്ല. ദുഃഖകരമായ ഒരു വാർത്ത ഞാൻ ഇന്നും കേൾപ്പിക്കുകയാണ്. ഒരു അഹ്മദീ സഹോദരൻ ബഹു: സഈദ് അഹ്മദ് സാഹിബ് (ചൗധരി ഗുലാം ഖാദിർ സാഹിബ് ഭട്ട്വാലിന്റ മകൻ) അദ്ദേഹം കോട്ട്ലി ശഹറിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തെ അവിടെ വെച്ച് തന്നെ ശഹീദാക്കുകയുണ്ടായി. രാത്രി ഏകദേശം ഒമ്പത് മണിക്ക് അദ്ദേഹം ജോലി ചെയ്തിരുന്ന ഷോപ്പിൽനിന്നും മടങ്ങി വീടിന്റെ വാതിൽക്കൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ ചെവിക്ക് നേരെ തോക്ക് വെച്ച് വെടിയുതിർക്കുകയുണ്ടായി. അങ്ങനെ സംഭവസ്ഥലത്ത് വെച്ച് തന്നെ അദ്ദേഹം വഫാ ത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ മർഹൂം ഖിദ്മത്തെ ഖൽക്ക് ചെയ്യാൻ വളരെ തത്പരത കാണിച്ചിരുന്നു. ആരെങ്കിലും രോഗിയാണെന്നറിഞ്ഞാൽ അവരെ സേവിക്കാൻ സ്വയം വഖ്ഫ് ചെയ്യുമായിരുന്നു. സൗമ്യപ്രകൃതക്കാരനും ആത്മാർത്ഥതയുള്ള വ്യക്തിയുമായിരുന്നു. കഠിനാ

ധ്യാനിയായിരുന്നു. ഏത് ജോലിയും മടികൂടാതെ ചെയ്തിരുന്നു. അതിഥി സൽക്കാരപ്രിയനായിരുന്നു. ക്ഷമാശീലനും സഹന പ്രകൃതക്കാരനുമായിരുന്നു. ആരോടും ദേഷ്യപ്പെട്ട് മറുപടി പറഞ്ഞിട്ടില്ല. പലപ്പോഴും ആരെങ്കിലും ദേഷ്യപ്പെട്ടാൽ മിണ്ടാതിരിക്കും. ആർക്കും അദ്ദേഹത്തോട് ശത്രുത ഉണ്ടായിരുന്നില്ല. സിന്ധിൽ കോണ്ടർഫാമിൽ അദ്ദേഹത്തിന്റെ ജനാസ മറവു ചെയ്തു. രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഉണ്ട്. അദ്ദേഹത്തിന്റെ പദവികൾ അല്ലാഹു ഉയർത്തുമാറാകട്ടെ. കുട്ടികൾക്ക് ക്ഷമയും ധൈര്യവും നൽകുമാറാകട്ടെ. നമസ്കാര ശേഷം അദ്ദേഹത്തിന്റെ ജനാസ ഞാൻ നമസ്കരി ക്കുന്നതാണ്.

മറ്റൊരു ജനാസ റാണ മുഹമ്മദ് ഖാൻ സാഹിബ് അഡ്വക്കേറ്റിന്റെതാണ്. ജമാഅത്തിന്റെ വളരെ ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു ഇദ്ദേഹം. ഭാവൽ നഗറിലെ ജില്ലാ അമീറായി ഒരു ദീർഘകാലം സേവന മനുഷ്ടിച്ചിട്ടുണ്ട്. കുറച്ച് ദിവസം മുമ്പാണ് അദ്ദേഹം വഫാത്തായത്. إِنَّا لِلّٰهِ وَإِنَّـا إِلَيْهِ رَاجِعونَ ഭാവൽ നഗറിലെ അമീറായി 40 വർഷത്തിൽകൂടുതൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫസ്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടർ ആയിരുന്നു. കേന്ദ്രത്തിലെ പല കമ്മറ്റികളുടെയും മെമ്പർ എന്ന നിലക്ക് സേവനമനുഷ്ടിച്ചിട്ടുണ്ട്.

സ്വാത്തികനും ആത്മാർത്ഥയും അനുസരണ ശീലവുമുള്ളയാളും ആയിരുന്നു. ഖിലാഫത്തുമായി വളരെ ആഴത്തിലുള്ള ബന്ധമായിരുന്നു. സ്വന്തക്കാരിലും അന്യരിലുമെല്ലാം ഇദ്ദേഹം സ്വാധീനം ചെലുത്തിയിരുന്നു. ഖിലാഫത്ത് ഇവിടെ വന്നതിന്ന് ശേഷം എല്ലാവർഷവും ജൽസയിൽ  ഇവിടെ വരാറുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി വരാൻ സാധിച്ചിരുന്നില്ല. വികാരനിർഭരമായ രീതിയിൽ അസ്വസ്ഥത പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് കത്തയക്കാറുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഭാര്യയും രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ മകൻ റാണാ നദീം അഹമദ് ഖാലിദ് നുസ്രത്ത് ജഹാൻ സെക്കന്ററി സ്കൂൾ, കസാലയിൽ സേവനമനുഷ്ഠിച്ചുവരുന്നു. അല്ലാഹു ഇവർക്കെല്ലാവർക്കും പിതാവിന്റെ കാൽ പ്പാടുകൾ പിൻപറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ.

Khuthba

Hadhrat Mirza Masroor Ahmad, Khalifathul Masih V

on 23.01.2009 at Baithul Futuh, London

*Translated by: M.Nasir Ahmad*, Kodiyathur- Mob: 9446151197

Page Layout & Typeset:  Majlis Khuddamul Ahmadiyya,Kakkanad

Published by:  Majlis Khuddamul Ahmadiyya, Kerala